**ഭരണഭാഷ- മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033

ഫോൺ/ഫാക്സ് : 0471-2305318/0471-2305317

ഇ-മെയിൽ: ecostatdir@gmail.com

Website:www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ: രജത് ജി.എസ്)**

വിഷയം :- ഡിഇഎസ്- ഗ്രഡേഷൻ സെൽ - ശ്രീ.അനീഷ് കെ. പി (സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1)-യുടെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1/ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ സീനിയോരിറ്റി താത്ക്കാലികമായി പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

പരാമർശം:-
1. ഈ ഓഫീസിലെ 18.11.2024 ലെ ഡിഇഎസ്/2414/2023-ജിആർസി നമ്പർ ഉത്തരവ്
2. ഈ ഓഫീസിലെ 20/12/2024 ലെ ഡിഇഎസ്/01/2023-ഇഎ(1) നമ്പർ ഉത്തരവ്.
3. ഈ ഓഫീസിലെ 22/04/2025 ലെ ഡിഇഎസ്/01/2025-ഇഎ (1) നമ്പർ ഉത്തരവ്.
4. ഈ ഓഫീസിലെ 01/09/2025 ലെ ഇതേ നമ്പർ ഉത്തരവ്.
5. ഈ ഓഫീസിലെ 10/12/2025 ലെ ഡിഇഎസ്/5299/2025-ഇഎ(1) നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ:ഡിഇഎസ്/4178/2025-GRC; തീയതി: 21-12-2025**

പരാമർശം (4) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1/ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ താത്കാലിക സിനിയോരിറ്റി ലിസ്റ്റിൽ ശ്രീ അനീഷ് കെ. പി.യ്ക്ക് നോഷണൽ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് ടിയാന്റെ സീനിയോരിറ്റി പുനർനിർണ്ണയിക്കുവാൻ പരാമർശം (5) പ്രകാരം ഉത്തരവായിട്ടുണ്ട്.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-11 / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-11 തസ്തികയിൽ 30/05/2015 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.അനീഷ് കെ.പി-യ്ക്ക് പരാമർശം (3) പ്രകാരം സ്ഥാനക്കയറ്റം നൽകിയിരുന്നു. ടിയാൻ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സായ യോഗ്യത ആർജ്ജിച്ച തീയതിക്കുശേഷം സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1/ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച പരാമർശം (2) പ്രകാരം ടിയാന് നോഷണൽ പ്രമോഷൻ അനുവദിക്കാമെന്ന് പരാമർശം (5) പ്രകാരം ഉത്തരവായിട്ടുണ്ട്.

പരാമർശം (1) പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-2/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 സീനിയോറിറ്റി ലിസ്റ്റിൽ ടിയാൻ ക്രമനമ്പർ 245-ഉം ശ്രീമതി .ഹിത. വി ക്രമനമ്പർ 246 -ഉം ആയിരുന്നു. ഈ സാഹചര്യത്തിൽ ശ്രീ.അനീഷ് കെ.പി-യുടെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1/ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ സീനിയോരിറ്റി, പരാമർശം (2) പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീമതി .ഹിത.വി-യുടെ പരാമർശം (4) പ്രകാരമുള്ള താൽക്കാലിക സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ (840) മുകളിലായി താൽക്കാലികമായി (839) പുനക്രമീകരിച്ച് ഉത്തരവാകുന്നു. പ്രസ്തുത നടപടിയിൽ ആക്ഷേപമുള്ള പക്ഷം ഉത്തരവ് തീയതി മുതൽ 10 ദിവസത്തിനകം ഈ ഓഫീസിൽ രേഖാമൂലം പരാതി ലഭ്യമാക്കേണ്ടതാണ്.

ഉത്തരവിന്റെ പകർപ്പ് ജീവനക്കാരുടെ അറിവിലേയ്ക്കായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

**RAJATH.G.S**

**DIRECTOR**

ശ്രീ.അനീഷ് കെ. പി., സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1
(ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

പകർപ്പ് : - 1.ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ സിഎ.
2.ഡെപ്യൂട്ടി ഡയറക്ടർമാർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസ്.
3.സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർ.
4.ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം
(വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5.ജീവനക്കാര്യ വിഭാഗം.
6.ഫയൽ/കരുതൽ ഫയൽ.